**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 975** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് നൽകുന്ന ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലം 2016 മുതൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിച്ചതിന്റേ തുക സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു |
| (ബി) | പ്രസ്തുത കാലയളവിൽ വന്യജീവികളുടെ ആക്രമണം മൂലം ഗുരുതരമായി പരിക്കേറ്റവരിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ 2016 മുതൽ ഇതുവരെ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ പരിക്കേറ്റവരുടേയും അവർക്ക് നൽകിയ ധനസ-ഹായത്തിന്റേയും സർക്കിൾതല വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു |
| (സി) | വന്യജീവി/വിഷജീവി എന്നിവയുടെ ആക്രമണത്തിന് ഇരയായവർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക നിലവിൽ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്നും എത്രപേർക്ക് നൽകാനുണ്ടെന്നും അറിയിക്കുമോ? | (സി) | മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയായവർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക നിലവിൽ കുടിശ്ശികയുണ്ട്. മതിയായ രേഖകളുടെ അഭാവത്താൽ 635 അപേക്ഷകളിലായി 384 ലക്ഷം രൂപ അനുവദിക്കാനുണ്ട് . അനന്തരാവകാശ സർട്ടിഫിക്കറ്റ് , ചികിത്സാ രേഖകൾ അടക്കമുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഇവർക്ക് നഷ്ടപരിഹാരം നൽകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| വർഷം | മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുണ്ടായ മരണങ്ങൾ | നഷ്ടപരിഹാരം നൽകിയ തുക (₹ ലക്ഷം) | |
|---|---|---|---|
| 2016 | 142 | 2016-17 | 239.75 |
| 2017 | 110 | 2017-18 | 198.21 |
| 2018 | 134 | 2018-19 | 242.66 |
| 2019 | 100 | 2019-20 | 221.70 |
| 2020 | 100 | 2020-21 | 270.50 |
| 2021 | 127 | 2021-22 | 444.10 |
| 2022 | 111 | 2022-23 | 337.31 |
| 2023 | 106 | 2023-24 | 709.26 |
| 2024 | 38 | 2024-25 | 155.50 |
| ആകെ | **968** | | **2,818.99** |

അനുബന്ധം-2

| ക്രമ നം. | സർക്കിൾ | അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്ത തുക (₹ ലക്ഷം) |
|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 1,496 | 360.04 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 653 | 230.90 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 2,257 | 826.03 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 1,479 | 258.15 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 2,870 | 804.85 |
| 6 | വൈൽഡ്‌ലൈഫ് സർക്കിൾ, കോട്ടയം | 25 | 9.78 |
| 7 | വൈൽഡ്‌ലൈഫ് സർക്കിൾ, പാലക്കാട് | 78 | 22.86 |
| 8 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 14 | 20.86 |
| | **ആകെ** | **8,872** | **2,533.47** |